
Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :7.816(2021); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:10, ISSUE:5(1), May:2021
Online Copy of Article Publication Available: www.ijmer.in
Digital certificate of publication:http://ijmer.in/pdf/e-Certificate%20of%20Publication-IJMER.pdf
DOI:http://ijmer.in.doi./2021/10.05.154
Scopus Review ID: A2B96D3ACF3FEA2A
Article Received: 10th May- Publication Date:30th May 2021


# കഥകളുടെ ഓർമ്മകളുടെ വരകളുടെ പുസ്തകം


ഡോ. ഐശ്വര്യ മാധവൻ

അധ്യാപിക

മലയാളവിഭാഗം

എൻ. എസ്. എസ്. കോളേജ്

പന്തളം


പ്രമേയത്തിന്റെ വൈവിദ്ധ്യം കൊണ്ടും നൂതനമായ എഴുത്ത് രീതികൾ കൊണ്ടും മലയാള സാഹിത്യത്തെ സമ്പന്നമാക്കുന്ന പുതുനിര എഴുത്തുകാരിൽ ശ്രദ്ധേയനാണ് യുവകഥാകൃത്തും നോവലിസ്റ്റുമായ ജേക്കബ് എബ്രഹാം. കേരളസാഹിത്യ അക്കാദമി ഗീതാഹിരണ്യൻ പുരസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കാരൂർ പുരസ്കാരം, മാതൃഭൂമി ആഴ്ചപ്പതിപ്പ് വിഷുപ്പതിപ്പ് കഥാസമ്മാനം തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തിന്റെ കൃതികൾക്ക് ലഭിച്ചിട്ടുണ്ട്. ഗ്രാമീണ ഭാഷയുടെ സൗന്ദര്യവും ലാളിത്യവും തുളുമ്പുന്ന കഥപറച്ചിൽ രീതി ജേക്കബ് എബ്രഹാമിന്റെ സാഹിത്യസൃഷ്ടികളെ ഏറെ മനോഹരമാക്കിത്തീർക്കുന്നു. അദ്ദേഹത്തിന്റെ ഏറെ പ്രത്യേകതകൾ നിറഞ്ഞ ഒരു സമാഹാരമാണ് കഥകളുടെയും ഓർമ്മകളുടെയും വരകളുടെയും 'ക്രിസ്മസ് പുസ്തകം'. ഈ കൃതിയിലെ വേറിട്ട് നിൽക്കുന്ന പതിനാറ് കഥകൾ ഓർമ്മകളുടെയും, കാഴ്ചകളുടെയും സുന്ദരവും വ്യത്യസ്തവുമായ ഒരു ലോകം നമുക്ക് സമ്മാനിക്കുന്നു.

വൃശ്ചിക മാസത്തിലെ പകലുകൾക്ക് നല്ല ചൂടാണെങ്കിലും രാവുകൾ തണുത്തതും കുളിർത്തതും ആയിരിക്കും. വൃശ്ചികം – ധനു മാസങ്ങളിലെ കുളിരും വിശാലമായ നീലാകാശവും, വൈഢൂര്യ മുത്തുകൾ പോൽ ചിതറിയ നക്ഷത്രജാലവും ഇളംകാറ്റും ഇത്തരത്തിൽ പ്രകൃതി സുന്ദരമാകുന്ന ഒരു കാലം ഏറെ അതിശയിപ്പിക്കുന്നതാണ്. ഈ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :7.816(2021); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:10, ISSUE:5(1), May:2021
Online Copy of Article Publication Available: www.ijmer.in
Digital certificate of publication:http://ijmer.in/pdf/e-Certificate%20of%20Publication-IJMER.pdf
DOI:http://ijmer.in.doi./2021/10.05.154
Scopus Review ID: A2B96D3ACF3FEA2A
Article Received: 10th May- Publication Date:30th May 2021

അതിശയിപ്പിക്കുന്ന കാലത്തിലേക്ക്, ഓർമ്മകളിലേക്ക്, തിരുപ്പിറവിയുടെ ദീപ്തസ്മരണകൾ ഉണർത്തി നമ്മളിലേക്ക് വന്നണയുന്ന ഡിസംബർ മാസത്തിലേക്ക് ജേക്കബ് എബ്രഹാമിന്റെ ക്രിസ്മസ് പുസ്തകം നമ്മെ കൂട്ടിക്കൊണ്ട് പോകുന്നു. ക്രിസ്മസിന്റെ ഉത്സവ മധുരിമ തുളുമ്പുന്ന കഥകൾ സുന്ദരമായ ഓർമ്മകളുടെ വീണ്ടെടുപ്പ് കൂടയാണ്.

ഈ സമാഹാരത്തിലെ ആദ്യ കഥയാണ് 'സോഫിയുടെ ക്രിസ്മസ് കാർഡുകൾ'. ഈ കഥ നമ്മെ പ്രധാനമായും ക്രിസ്മസ് കാർഡുകൾ എന്ന ഒരു സങ്കല്പത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. കാരണം ക്രിസ്മസിന്റെ ആകർഷണീയമായ ഒരു സംഗതി ആയിരുന്നു ഒരു കാലത്ത് ക്രിസ്മസ് കാർഡുകൾ അയക്കുക അല്ലെങ്കിൽ ആശംസകൾ അയക്കുക എന്നത്. ഇത്തരത്തിൽ ഒരു വിപണി തന്നെ ഉണ്ടായിരുന്നു. ഈ വിപണിയെയും ക്രിസ്മസിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒന്നാണ് ക്രിസ്മസ് കാർഡുകൾ. എന്നാൽ ഇന്ന് ആ വിപണി തന്നെ ഇല്ലാതെ ആയിട്ടുണ്ട്. അതുപോലെ തന്നെ ക്രിസ്മസ് കാർഡുകളും സോഫിയുടെ ജീവിതവും തമ്മിലും ബന്ധപ്പെട്ടുകിടക്കുന്നു. ഒരിക്കൽ റോയ് പറയുന്നുണ്ട് 'എല്ലാ ക്രിസ്മസിനും ഞാൻ സോഫിയെ ഓർക്കും. സോഫി എന്നെ ഓർക്കുന്നുണ്ടാകുമോ. ക്രിസ്മസ് കാർഡുകൾ ഓർമ്മകളുടെ സ്നേഹാശംസകൾ..' ഗോവയിൽ നിന്നും കെന്നിയങ്കിളിനൊപ്പം ഷാരോൺ വില്ലയിലേക്ക് സോഫി വരുന്നത് ഒരു ക്രിസ്മസിനാണ്. അന്ന് റോയ് പത്താം ക്ലാസിൽ പഠിക്കുകയായിരുന്നു. ഗോവക്കാരിയായ ഭാര്യയോട് പിണങ്ങിയാണ് അദ്ദേഹം സ്വന്തം വീട്ടിലേക്ക് എത്തിയത്. ഇടയ്ക്ക് ഇടയ്ക്ക് ഇങ്ങനെ പിണക്കം ഉണ്ടാവുകയും നാട്ടിലേക്കുള്ള വരവും പതിവുണ്ട്. ഷാരോൺ വില്ലയിലെ പൂന്തോട്ടത്തിൽ സപ്പോട്ടമരങ്ങളുടെ ചുവട്ടിൽ പോൾക്കാഡോട്ടുകളുള്ള മഞ്ഞഫ്രോക്കണിഞ്ഞ് നിൽക്കുമ്പോഴാണ് സോഫിയെ അവൻ ആദ്യമായി കാണുന്നത്. വെണ്ണ പോലുള്ള കവിളുകളും പഴുത്ത തുടങ്ങുന്ന ചാമ്പങ്ങാ പോലുള്ള ചുണ്ടുകളും, ഞാവൽപ്പഴം പോലുള്ള കണ്ണുകളും സോഫി അതിസുന്ദരിയായിരുന്നു. ഒരിക്കൽ സോഫി ഗോവയിലെ ക്രിസ്മസ് പാർട്ടികളെക്കുറിച്ച് റോയിയോട് പറയുന്നുണ്ട്. അവളുടെ മമ്മയും ഗ്രാൻഡ്മയുമൊക്കെ വൈൻ കുടിക്കുന്ന


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :7.816(2021); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:10, ISSUE:5(1), May:2021
Online Copy of Article Publication Available: www.ijmer.in
Digital certificate of publication:http://ijmer.in/pdf/e-Certificate%20of%20Publication-IJMER.pdf
DOI:http://ijmer.in.doi./2021/10.05.154
Scopus Review ID: A2B96D3ACF3FEA2A
Article Received: 10th May- Publication Date:30th May 2021

കാര്യവും, ചെറുപ്പത്തിലെ അവൾ ഫെനി രുചിച്ച് നോക്കിയ കഥയും അങ്ങനെ മറക്കാനാകാത്ത ധാരാളം ക്രിസ്മസ് ഓർമ്മകൾ. ക്രിസ്മസ് കാലത്ത് ഗോവയിലെ ബീച്ചിനും റോഡിനുമെല്ലാം വീഞ്ഞിൻ ലഹരിയാണ് ക്രിസ്മസിന്റെ പിറ്റേദിവസം തന്നെ സോഫി ഗോവയിലേക്ക് മടങ്ങി. അടുത്ത വർഷം സോഫിയുടെ ആദ്യത്തെ ക്രിസ്മസ് കാർഡ് റോയ്ക്ക് കിട്ടി. സോഫി അയച്ച ക്രിസ്മസ് കാർഡുകളിൽ മിക്കതിലും മൈഡിയർ റോയി എന്നാണ് എഴുതിയിരിക്കുന്നത്. ചിലതിലൊക്കെ മൈഡിയറിസ്റ്റ് റോയ് എന്നും എഴുതിയിട്ടുണ്ട്. ഇടയ്ക്ക് ഇടയ്ക്ക് ആ ക്രിസ്മസ് കാർഡുകൾ ഓരോന്നായി അവൻ മേശമേൽ എടുത്ത് വെച്ച് നോക്കാറുണ്ട്. എന്നാൽ ഇന്നത്തെ ഒരു കാലത്ത് ക്രിസ്മസ് കാർഡുകളുടെ വിപണി അപ്രത്യക്ഷമാവുകയും ആ സ്ഥാനം ഇമോജികളും, സ്റ്റിക്കറുകളും, ഓൺലൈൻ മാധ്യമങ്ങളും കൈയ്യടക്കുകയും ചെയ്തിരുന്നു. ഈ ഒരു സാഹചര്യത്തിൽ ഉണ്ടായ പ്രധാന മാറ്റങ്ങളിൽ ഒന്നാണ് സൗഹൃദങ്ങൾ മുറിഞ്ഞ് പോകുന്ന അല്ലെങ്കിൽ ആളുകൾ തമ്മിലുള്ള പാരസ്പര്യം നഷ്ടപ്പെട്ടു പോകുന്ന എന്നുള്ളത്. ക്രിസ്മസ് കാർഡുകൾ അയക്കുവാനും സ്വീകരിക്കുവാനുമുള്ള മനുഷ്യന്റെ ഗൃഹാതുരതയെയും കൂടി ഇവിടെ കഥാകാരൻ അവതരിപ്പിക്കുന്നുണ്ട്. 'സോഫി എന്നോട് എന്തെങ്കിലും പറയാൻ ശ്രമിച്ചിരുന്നോ...?' ഈ ഒരു ചോദ്യത്തിലൂടെയാണ് കഥാകാരൻ കഥ അവസാനിപ്പിക്കുന്നത്. ഓരോ വായനക്കാരന്റെ ഉള്ളിലും നിരവധി ചോദ്യങ്ങൾ ഈ കഥ ബാക്കി വെയ്ക്കുന്നു. എം. ടി.യുടെയും, ഒ. വി. വിജയന്റെയും, മുകുന്ദന്റെയും ഒക്കെ കഥകളിൽ ഇപ്പോഴും ഇത്തരത്തിലുള്ള നിരവധി കഥാപാത്രങ്ങളെ നാം കണ്ടുമുട്ടാറുണ്ട്. കൂട്ടുകാരിയോ, പ്രണയിനിയോ, സഹോദരിയോ എന്ന് വേറിട്ട് അറിയാൻ സാധിക്കാത്ത ചില ആത്മബന്ധങ്ങൾ.

നായികാ കഥാപാത്രങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മൂന്ന് കഥകളാണ് 'സോഫിയുടെ ക്രിസ്മസ് കാർഡുകൾ', 'എഡ്വിനാമിസ്സി', 'സദൃശ്യവാക്യങ്ങളിൽ ജെനി' എന്നിവ. എഡ്വിനാ മിസ്സി എന്ന കഥയിൽ ഒരു പോർച്ചുഗീസ് പശ്ചാത്തലം കടന്നുവരുന്നുണ്ട്. ബ്രിട്ടീഷ് പോർച്ചുഗൽ പശ്ചാത്തലമുള്ള തെരുവുകളുടെ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :7.816(2021); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:10, ISSUE:5(1), May:2021
Online Copy of Article Publication Available: www.ijmer.in
Digital certificate of publication:http://ijmer.in/pdf/e-Certificate%20of%20Publication-IJMER.pdf
DOI:http://ijmer.in.doi./2021/10.05.154
Scopus Review ID: A2B96D3ACF3FEA2A
Article Received: 10th May- Publication Date:30th May 2021

ആവിഷ്കാരങ്ങളിലൂടെ ഒരു യൂറോപ്യൻ പശ്ചാത്തലവും കഥാകാരൻ ഇവിടെ കൊണ്ടുവരുന്നു. വേരറ്റുപോകുന്ന ഒരു സമൂഹത്തിന്റെ ദു:ഖങ്ങളും, ആത്മസംഘർഷങ്ങളും ഈ കഥ നമ്മളിലേക്ക് സന്നിവേശിപ്പിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ ഒറ്റപ്പെട്ടുപോകാൻ വിധിക്കപ്പെട്ട മൂന്നന് പോർച്ചുഗീസ് വ്യക്തിത്വങ്ങളുടെ കഥയാണ് എഡ്വിനാമിസ്സി എന്ന് തന്നെ പറയാം. സദൃശ്യവാക്യങ്ങളിൽ ജെനി എന്ന കഥയിൽ മദ്ധ്യ തിരുവിതാംകൂറിലെ ചിറ്റാർ, തിരുവല്ല തുടങ്ങി നമുക്ക് സുപരിചിതങ്ങളായ പല സ്ഥലങ്ങളും കടന്നുവരുന്നുണ്ട്. ക്രിസ്മസ് വിദേശത്ത് നിന്നും വന്ന ഒരു ഉത്സവം എന്നുള്ള രീതിയിലാണെങ്കിലും അതിന് കേരളീയമായ ഒരു പശ്ചാത്തലം നൽകുന്നു ഈ കഥ. ഹിപ്പിപ്രേതം എന്ന കഥയിലൂടെ കഥാകൃത്ത് നമ്മെ തികച്ചും വ്യത്യസ്തമായ ഒരു ലോകത്തേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. 'മൂത്തമ്മച്ചിയുടെ മരിപ്പിന് പോയി വന്നതിന്റെ നാലാംനാൾ എന്റെ മേത്ത് ഹിപ്പിച്ചായന്റെ പ്രേതം കയറി' ഈ വരികളിലൂടെ കടന്നു പോകുന്ന ഓരോ വായനക്കാരന്റെ ഉള്ളിലും തന്റെ ദേഹത്തും ഹിപ്പിച്ചായന്റെ പ്രേതം കയറിയോ എന്ന ഒരു തോന്നൽ ഉളവാക്കുന്നു. ഇത് വളരെ മനോഹരമായ ഒരു കഥയാണ്. ചില സസ്പെൻസ് ത്രില്ലറുകൾ വായിക്കുന്ന ഒരു അനുഭൂതി ഈ കഥ നമുക്ക് നൽകുന്നു.

കൃതിയുടെ രണ്ടാം ഭാഗം എഴുത്തുകാരന്റെ ക്രിസ്മസ് ഓർമ്മകളാണ്. ഓർമ്മകളിലെ എഴുത്തിലെ 'പങ്കിറച്ചി' പുതിയ തലമുറയ്ക്ക് പുതിയ ഒരു അനുഭവം നൽകുന്നു. ഇറച്ചി ഒരു അപൂർവ്വ ഭക്ഷണവസ്തുവായിരുന്ന കാലങ്ങളിൽ പത്തനംതിട്ടയിലെ മലയോര ഗ്രാമങ്ങളിൽ ക്രിസ്മസിനും, ന്യൂയറിനും ഒക്കെ പങ്കിറച്ചി കച്ചവടം സുലഭമായിരുന്നു. മാടിനെ കശാപ്പ് ചെയ്യുന്നതിന് ഒരാഴ്ച മുൻപേ തന്നെ പങ്കിറച്ചി കച്ചവടം നടത്തുന്ന ആൾ വീടുകളിലെത്തി പങ്കിറച്ചിയിൽ പങ്കുചേരുന്നുണ്ടോ എന്ന് അന്വേഷിക്കുകയും ഒരു തുക അഡ്വാൻസ് വാങ്ങുകയും ചെയ്യുന്നു. തേക്കിലകളിൽ പൊതിഞ്ഞ് ചോരമണം മാറാത്ത പങ്കിറച്ചിയുമായി റബ്ബറും തോട്ടത്തിലൂടെ വീട്ടിലേക്കുള്ള വഴികൾ നടന്നുപോയ ക്രിസ്മസ് ഓർമ്മകൾ കഥാകാരന്റെ മനസ്സിൽ ഇന്നും മായാതെ കിടക്കുന്നു. പണ്ട് നാട്ടിൻ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :7.816(2021); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:10, ISSUE:5(1), May:2021
Online Copy of Article Publication Available: www.ijmer.in
Digital certificate of publication:http://ijmer.in/pdf/e-Certificate%20of%20Publication-IJMER.pdf
DOI:http://ijmer.in.doi./2021/10.05.154
Scopus Review ID: A2B96D3ACF3FEA2A
Article Received: 10th May- Publication Date:30th May 2021

പുറങ്ങളിൽ സജീവമായിരുന്ന പങ്കിറച്ചി കച്ചവടം ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു എന്ന് തന്നെ പറയാം. ഒരു തരത്തിൽ ഇത് മൃഗങ്ങളോട് കാണിക്കുന്ന വലിയൊരു ക്രൂരത ആണെങ്കിൽ കൂടിയും അന്നത്തെ മനുഷ്യരുടെ ഒത്തൊരുമയുടെ, കച്ചവടം എന്നതിനേക്കാൾ ഉപരി ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ തന്നെ സന്തോഷങ്ങളിൽ പങ്കുചേരാൻ സാധിക്കുന്ന തരത്തിലുള്ള ഇത്തരം വിപണന കേന്ദ്രങ്ങൾ ക്രിസ്മസിന്റെ സന്തോഷങ്ങളെ കൂടുതൽ മധുരമുള്ളതാക്കുന്നു.

'കത്തിത്തീർന്ന ഒരു ക്രിസ്മസ് നക്ഷത്രം', ക്രിസ്മസ് മലകളിലും താഴ്വരകളിലും, ബർണ്ണശ്ശേരിയിലെ ക്രിസ്മസ്, കപ്യാര് വീണ കിണർ, ക്രിസ്മസ് ഫ്രണ്ട്, ആ ക്രിസ്മസ് കാർഡുകൾ തുടങ്ങിയ കഥകളെല്ലാം ഏറെ വ്യത്യസ്തത പലർത്തുന്നു. ക്രിസ്മസ് ഫാദർ - സാന്താക്ലോസ്, ക്രിസ്മസ് കേക്ക്, ക്രിസ്മസ് കാർഡ് ഇവയൊക്കെയും പുറത്തു നിന്നും വന്ന ക്രിസ്മസ് അനുഭവങ്ങളാണ്. ഇവയെല്ലാം തന്നെ ഏറെ മിഴിവോടെ ഈ കഥകളിലേക്ക് കടന്നുവരുന്നുണ്ട്. അതുപോലെ തന്നെ ക്രിസ്മസ് രാത്രി എന്ന് പറയുമ്പോഴും ക്രിസ്മസ് കരോളും, ക്രിസ്മസ് നക്ഷത്രവും, ക്രിസ്മസ് മരവും, വർണ്ണക്കടലാസുകളും അങ്ങനെ ക്രിസ്മസിന്റെ മനോഹരമായ ഒരു പശ്ചാത്തലത്തെ തന്റെ കഥകളിലേക്ക് കൊണ്ടുവരാൻ കഥാകാരൻ ഇവിടെ ശ്രമിക്കുന്നുണ്ട്. ഈ കഥകൾക്കെല്ലാമുള്ള ഒരു പ്രധാന സവിശേഷത എന്ന് പറഞ്ഞാൽ കഥകളെക്കാൾ കൂടുതൽ ഇവ ഓർമ്മക്കുറിപ്പുകളോട് അടുത്ത് നിൽക്കുന്നു. ഒറ്റയിരുപ്പിന് വായിച്ച് തീർക്കാവുന്ന മനോഹരമായ ഓർമ്മകൾ. അനുഭവങ്ങളുടെ തീവ്രതയും ഭാഷയുടെ ശക്തമായ ഒഴുക്കും നമ്മെ അപൂർവ്വ സുന്ദരമായ ഒരു ലോകത്തേക്ക് കൂട്ടിക്കൊണ്ട് പോകുന്നു.

Filename: 34
Directory: C:\Users\DELL\Documents
Template: C:\Users\DELL\AppData\Roaming\Microsoft\Templates\Normal.dotm
Title:
Subject:
Author: Windows User
Keywords:
Comments:
Creation Date: 5/15/2021 12:19:00 PM
Change Number: 5
Last Saved On: 6/2/2021 3:49:00 PM
Last Saved By: Murali Korada
Total Editing Time: 10 Minutes
Last Printed On: 6/3/2021 10:56:00 AM
As of Last Complete Printing
Number of Pages: 5
Number of Words: 1 (approx.)
Number of Characters: 6 (approx.)